**പ്രിയ സ്നേഹിതരെ,**

വിയന്ന അതിരൂപതയിലെ സീറോ മലബാർ സഭാസമൂഹത്തെപ്പറ്റി ചില മീഡിയ പ്രസിദ്ധീകരണങ്ങളിൽ തികച്ചും സത്യവരുദ്ധമായിവന്ന വാർത്തകൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. അതിപ്രകാരമാണ്: ***ഇത് വെറുമൊരു ഭാഷാസമൂഹമാ യായിരുന്നു. ഇത് ഭാഷാടിസ്ഥാനത്തിലുള്ള ഒരു മതസാമൂഹീക സംഘടനയായിരുന്നു. എന്നാൽ ഇതിനെ 2019 മാർച്ച് 3–ാം തിയതി ഒരു വ്യക്തിഗത സഭയുടെ അംഗങ്ങളെന്ന നിലയിൽ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നു.*** ഈ വാർത്ത തികച്ചും തെറ്റാണ്. അനേകം വർഷങ്ങൾക്കുമുമ്പുതന്നെ സീറോ മലബാർ സഭയുടെതന്നെ ലിറ്റർജിക്കൽ തനിമയും സീറോ മലബാർ സഭയുടെ സ്വന്തമായ വിശുദ്ധ കുരിശ് മുദ്രചിഹ്നമായും സ്വീകരിച്ച് വിയന്ന അതിരൂപതയുടെ നിർലോഭമായ സഹായ സഹകരണത്തോടെ അതിന്റെ ഭരണസംവിധാനമായ വിദേശ ഭാഷ സംസാരിക്കുന്ന വ്യത്യസ്ഥ രാജ്യങ്ങളിൽനിന്നുള്ള കത്തോലിക്കരുടെ കൂട്ടായ്മയായ ആഫ്രോ ഏഷ്യൻ സഭാസമൂഹങ്ങളുടെ ഒരംഗമായി നിലനിർത്തി സീറോമലബാർ (Ecclesia sui juris)സഭയുടെ വിശ്വാസ പാരമ്പര്യവും, ആരാധനാക്രമവും, അജപാലനാ ശുശ്രൂഷാരീതികളും പരമാവധി നടപ്പിലാക്കുകയും, അനുഭവിക്കുകയും, ജീവിക്കുകയും ചെയ്തുകൊൺടിരിക്കുന്ന വിയന്ന അതിരൂപതയിലെ സീറോ മലബാർ സഭാസമൂഹം ഇപ്പോൾ ഈ അതിരൂപതയിലെ തന്നെ മറ്റൊരു ഭരണസംവിധാനമായ പൗരസ്ത്യസഭയുടെ വികാരിയത്തിന്റെ കീഴിൽ സീറോ മലബാർ ലിറ്റർജിക്കൽ തനിമ അതുപോലെതന്നെ നിലനിർത്തി മാർച്ച് മൂന്നാം തിയതി അതിന്റെ **37–ാംവയസ്സിൽ നിന്നും ഏപ്രിൽ 2–ാംതിയതി അതിന്റെ 38–ാംവയസ്സിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു.** ഇതാണ് സത്യം. അവർണ്ണനീയമായ ഈ ദൈവദാനത്തിന് നമുക്ക് ദൈവത്തോടു് നന്ദി പറയാം. വിയന്ന അതിരൂപതയിലെ അധികാരികളോട് നന്ദിയുള്ളവരായിരിക്കാം. സ്നേഹത്തോടെ.

P. Thomas Thandappilly CST
SMC Chaplain, Archdiocese of Vienna